The ബിഗ് ന്യൂസ് Family Mag സിനിമ

രാജിയാകാൻ ആളില്ല

അവളുടെ രാവുകളിൽ സീമ

എൺപതുകളിൽ മലയാളി പ്രേക്ഷകരുടെ സിരകളെ ചൂടുപിടിപ്പിച്ച അവളുടെ രാവുകൾ റീമേക്ക് പ്രതിസന്ധിയിൽ. ചിത്രത്തിന്റെ പ്രീ പ്രൊഡക്ഷൻ ജോലികൾ പൂർത്തിയായിട്ടും നായികയെ ലഭിക്കാഞ്ഞത് സംവിധായകൻ ഐവി ശശിയേയും നിർമാതാക്കളെയും വെട്ടിലാക്കിയിരിക്കുകയാണ്.

സിനിമയ്ക്കിണങ്ങുന്ന നായികയെ കിട്ടാത്തതാണ് റീമേക്ക് തുടങ്ങാൻ വൈകുന്നതെന്ന് ഐവി ശശി പറയുന്നു. മലയാളമുൾപ്പെടെയുള്ള തെന്നിന്ത്യൻ സിനിമയിലെ പല നായികമാരെയങ്കിലും ആലോചിച്ചെങ്കിലും ഇവരുടെ പ്രായമാണ് പ്രശ്നമായിരിക്കുന്നത്. നിലവിലുള്ളവരെയൊന്നും പറ്റാത്ത സാഹചര്യത്തിൽ പുതുമുഖ താരങ്ങൾക്ക വേണ്ടിയുള്ള അന്വേഷണമാണ് അണിയറ പ്രവർത്തകർ നടത്തുന്നത്. മോളിവുഡിൽ ആദ്യമായി എ സർട്ടിഫിക്കറ്റ് (അഡൾട്ടസ് ഓൺലി) ലഭിച്ച ചിത്രമാണ് അവളുടെ രാവുകൾ. ചിത്രത്തിൽ രാജിയെന്ന വേശ്യയുടെ വേഷത്തിലെത്തിയത് സീമയായിരുന്നു. ഈ സിനിമ വൻഹിറ്റായതോടെ സീമയെന്ന താരം മലയാള സിനിമയിൽ ഉദിച്ചുയർന്നു.

ചിത്രത്തിൽ ഷർട്ട് മാത്രം ധരിച്ചുള്ള സീമയുടെ പോസ്റ്ററുകൾ അക്കാലത്ത് വൻ കോളിളക്കം സൃഷ്ടിച്ചിരുന്നു. ഇതേക്കുറിച്ച് വൻ ചർച്ചകളാണ് അന്ന് നടന്നത്. യുവപ്രേക്ഷകരെ തിയറ്ററുകളിലേക്ക് എത്തിക്കുന്നതിന് ഈ പോസ്റ്റർ കാരണമാവുകയും ചെയ്തു. യുവാക്കളെ ഹരം കൊള്ളിച്ച രാജിയെന്ന കഥാപാത്രം അവതരിപ്പിക്കുന്നതിനായി പ്രിയാമണിയെയും ഒരുഘട്ടത്തിൽ പരിഗണിച്ചിരുന്നു.

ഭാമയും പ്രണയവഴിയിൽ

പ്രണയദിനാഘോഷങ്ങളുടെ ലഹരി വിട്ടുമാറുംമുമ്പെ മലയാള സിനിമയിലെ ഒരു പ്രണയവിശേഷം കൂടി പുറത്ത്. നിവേദ്യത്തിലൂടെ പ്രേക്ഷകരുടെ മനസ്സിൽ കുടുകുട്ടിയ നടി ഭാമ പ്രണയകുരുക്കിൽ വീണുവെന്നൊരു ശ്രുതിയാണ് സിനിമാരംഗത്ത് പരക്കുന്നത്.

സംഗീത സംവിധായകൻ കോതിയുടെ മകനും തെലുങ്ക് നടനുമായ രാജീവിനാണ് ഭാമയുടെ മനസ്സിലിടം കണ്ടെത്താൻ ഭാഗ്യം സിദ്ധിച്ചതത്രേ. ഇരുവരെയും പലതവണ ഒരുമിച്ച് കാണുകയും ചെയ്തതോടെ പരദൂഷണക്കാർക്ക് കോളടിച്ചിരിക്കുകയാണ്.

ഒരു തെലുങ്ക് ചിത്രത്തിലേ അഭിനയിച്ചിട്ടുള്ളുവെങ്കിലും ഭാമയെ ചുറ്റിപ്പറ്റിയുള്ള പ്രണയവിശേഷങ്ങളാണ് സാൻറൽവുഡിൽ നിറയുന്നത്. രാജീവുമായുള്ള ഭാമയുടെ പ്രണയത്തിന് കുടുംബത്തിന്റെ സമ്മതം ഉണ്ടെന്നും പറയപ്പെടുന്നു. അടുത്തിടെ ഭാമയെയും രാജീവിനെയും ഹൈദരാബാദിലെ ഒരു ഷോപ്പിംഗ് മാളിൽ കണ്ടിരുന്നു. ഇവരോടൊപ്പം ഭാമയുടെ അമ്മയും കൂടെയുണ്ടായിരുന്നുത്രേ. ഇതിൽപ്പരം തെളിവ് വേറെ വേണമോയെന്നാണ് പാപ്പരാസികളുടെ ചോദ്യം. മിണ്ടാപ്പൂച്ചയായി ഇത്രയും കാലമിരുന്ന ഭാമയിപ്പോൾ കലമുടച്ചുവെന്നാണ് ദോഷൈദൃക്കുകളുടെ കണ്ടെത്തൽ. തനി നാടൻ പെൺകുട്ടിയിൽ നിന്ന് പെട്ടെന്നൊരു ഫാഷൻ ഗേളിലേക്കുള്ള ഭാമയുടെ ചുവടു മാറ്റത്തിന് പിന്നിലും രാജീവാണെന്നാണ് പറയപ്പെടുന്നത്. ഭാമയിലുണ്ടായ ഈ അടിമുടി മാറ്റം പല സിനിമാക്കാരെയും അമ്പരിപ്പിച്ചിരുന്നു. എന്നാലിക്കഥകളൊന്നും തന്നെ ബാധിക്കുന്ന കാര്യമല്ലെന്ന മട്ടിലാണ് ഭാമ. താരങ്ങളാവുമ്പോൾ കൂടെ അഭിനയിക്കുന്നവരുമായി ചേർത്ത് കഥകൾ ഒരുപാട് വരും. തന്റെ കാര്യത്തിൽ ഇത് ആദ്യത്തേതാണെന്നാണ് ഭാമ പറയുന്നത്. ഇത്രയും കാലം ഗോസിപ്പുകൾ എന്നെ പിടികൂടിയിരുന്നില്ല. ഇപ്പോഴതും നടന്നിരിക്കുന്നു. ഒന്നിച്ചഭിനയിക്കാൻ ആഗ്രഹമുള്ള ഒരുപാടുപേർ സിനിമയിലുണ്ട്. ഇനിയിപ്പോൾ എന്റെ പേരിനൊപ്പം വേറെ ആരെയെങ്കിലും ചേർത്താവും കഥകൾ മെനയുകഭാമ പറയുന്നു. ഇനിയും എന്റെ പേരിനൊപ്പം മറ്റാരുടെയെങ്കിലും പേര് ചേർത്ത് ഗോസിപ്പ് വന്നുകൂടായ്കയില്ല ഭാമ പറയുന്നു. തമിഴ് ചിത്രമായ സെർവകൊടി, തെലുങ്ക് ചിത്രം അപ്പയ്യ എന്നിവയാണ് ഭാമയുടേതായി ഉടൻ റിലീസാകാനുള്ള ചിത്രങ്ങൾ. കൊച്ചിയിൽ ഷൂട്ടിങ് നടക്കുന്ന സജി സുരേന്ദ്രന്റെ ഹസ്ബൻറ്സ് ഇൻ ഗോവയുടെ സെറ്റിലേക്കാണ് ഭാമ ഇനി പോവുക.

ഹാൻസിക

ഭാമ

ഡാമിൽനിന്ന് ഒഴിവാക്കിയത് എനിക്ക് ഓസ്കാർ ഭയന്ന്: തിലകൻ

തനിക്ക് ഓസ്കർ ലഭിച്ചേക്കുമെന്ന പേടിമൂലമാണ് ഡാം 999 സിനിമയിൽ നിന്ന് വിലക്കിയതെന്ന് നടൻ തിലകൻ. അമ്മയുമായി ഒരു ഒത്തുതീർപ്പുമുണ്ടായിട്ടില്ല. സംഘടനയുമായുള്ള പോരാട്ടം തുടരുമെന്നും തിലകൻ പറഞ്ഞു. റിയാദിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കവേയാണ് തിലകൻ ഇക്കാര്യം അറിയിച്ചത്.

സ്ത്രീകൾക്കെതിരേയുള്ള അതിക്രമങ്ങൾ വർദ്ധിച്ച് വരികയാണ്. ഇത് തെറ്റാണെന്ന് സമൂഹത്തിന് മുന്നിൽ ചൂണ്ടിക്കാട്ടാൻ ഒരു കലാകാരന് കഴിയണം. എന്നാൽ എങ്ങനെ പണമുണ്ടാക്കാമെന്നത് മാത്രമാണ് ഇപ്പോഴത്തെ കലാകാരൻമാരുടെ ചിന്ത.

പൃഥ്വിരാജ്, ദുൽഖർ സൽമാൻ, ഫഹദ് ഫാസിൽ തുടങ്ങിയ യുവനടൻമാർ ഉയരങ്ങൾ കീഴടക്കുമെന്നാണ് തന്റെ വിശ്വാസമെന്നും തിലകൻ പറഞ്ഞു.

തിലകൻ

റീമ കല്ലിംഗൽ

ഫഹദ് ഫാസിൽ

റീമയ്ക്ക് ഫഹദിനോട് എന്തോ...

റീമ കല്ലിങ്കൽ കുരുക്കിലകപ്പെട്ടിരിക്കുന്നു. പ്രണയത്തിലാണോയെന്ന് ചോദിച്ചാൽ അല്ല, എന്നാൽ ഒപ്പമഭിനയിക്കുന്ന ഫഹദ് ഫാസിലിന്റെ വിശേഷങ്ങൾ പറയുമ്പോഴുള്ള റിമയുടെ ഉത്സാഹം കാണുമ്പോൾ പലരുടെയും നെറ്റി ചുളിയുകളയാണ്.

മോളിവുഡിലെ ഏറ്റവും മികച്ച യുവതാരങ്ങളിലൊരാളാണ് ഫഹദ്, ഇത് വെറുതെ പറയുന്നതല്ല. സെറ്റിൽ ഒഴിവുസമയങ്ങളിൽ സംസാരിച്ചിരിക്കുമ്പോൾ പോലും തങ്ങൾക്കിടയിൽ മികച്ചൊരു കെമിസ്ട്രിയുണ്ട്. ആ കെമിസ്ട്രി മൂലം ഫഹദിനൊപ്പം അഭിനയിക്കുമ്പോൾ അഭിനയം അനായാസമാണെന്നും റീമ പറയുന്നു. കൂടാതെ പല കാര്യങ്ങളോടുമുള്ള സമീപനവും അഭിപ്രായവും പ്രതികരണവും പോലും തങ്ങൾക്കിടയിൽ സമാനമാണെന്നും റിമ വിലയിരുത്തുന്നു.

ആഷിഖ് അബുവിന്റെ 22ഫീമയിൽ കോട്ടയത്തിന്റെ സെറ്റിൽവച്ച് ഇവർ കൂടുതൽ അടുത്തത്. 25 ദിവസത്തെ ഷൂട്ടിങ് ഇവരുടെ സൗഹൃദം കൂടുതൽ ദൃഢപ്പെടുത്തിയിരിക്കുകയാണ്. ഇത് രണ്ടാം തവണയാണ് റീമ ഫഹദിനൊപ്പം ജോഡി ചേരുന്നത്. മുൻപ് രഞ്ജിത്തിന്റെ നേതൃത്വത്തിൽ ഒരുക്കിയ 'കേരള കഫേയിലെ 'മൃത്യുഞ്ജയത്തിലാണ് ഇവർ ഒരുമിച്ചഭിനയിച്ചിരുന്നു.

ഹാൻസികയ്ക്ക് ആരാധകരുടെ തലോടൽ

സുന്ദരിയെ തൊട്ടടുത്തു കാണുകയും പറ്റിയാൽ ഒന്നു തലോടുകയുമൊക്കെയായിരുന്നു ആരാധകരുടെ ഉദ്ദേശം. ഇതിൽ ചിലരെങ്കിലും ലക്ഷ്യം കണ്ടുവെന്നാണ് കോടമ്പാക്കത്തെ അടക്കം പറച്ചിൽ

ഒരുകാലത്ത് ഖുശ്ബു, നമിത എന്നിവർക്ക് പിന്നാലെ പാഞ്ഞ തമിഴകം ഇപ്പോൾ ഹരം കണ്ടെത്തുന്നത് ഹൻസികയിലാണ്. ഈ കൊച്ചുസുന്ദരി റോഡിലിറങ്ങിയാൽ ക്രമസമാധാന പ്രശ്നമുണ്ടാകുമെന്ന നിലയിലാണ് കാര്യങ്ങൾ. ഇത് ഹൻസികയ്ക്ക് തന്നെ പാരയായി മാറുന്നുണ്ടെന്നത് മറ്റൊരു കാര്യം.

അടുത്തിടെ കോയമ്പത്തൂരിൽ ചെന്നിറങ്ങിയപ്പോഴും കാര്യങ്ങളിൽ മാറ്റമുണ്ടായില്ല. തങ്ങളുടെ സ്വപ്നസുന്ദരിയെ അടുത്തുകാണാൻ ആയിരങ്ങളാണ് നഗരത്തിൽ തടിച്ചുകൂടിയത്. ഹൻസികയെ കണ്ട് നിയന്ത്രണംവിട്ട ജനക്കൂട്ടം വേലിയൊക്കെ ചാടിക്കടന്ന് നടിയുടെ അടുത്തേക്ക് കുതിച്ചത്രേ.

സുന്ദരിയെ തൊട്ടടുത്തു കാണുകയും പറ്റിയാൽ ഒന്നു തലോടുകയുമൊക്കെയായിരുന്നു ആരാധകരുടെ ഉദ്ദേശം. ഇതിൽ ചിലരെങ്കിലും ലക്ഷ്യം കണ്ടുവെന്നാണ് കോടമ്പാക്കത്തെ അടക്കം പറച്ചിൽ. എന്തായാലും ഹൻസികയുടെ തന്നെ ബോഡിഗാർഡുമാരുടെ ഇടപെടൽ മൂലമാണ് രംഗം കൂടുതൽ വഷളാകാതിരുന്നത്. നടിയെ പെടുന്നനെ കാറിനുള്ളിലെത്തിച്ച ബോഡിഗാർഡുകൾ അവിടെ നിന്ന് നേരെ എയർപോർട്ടിലേക്ക് പോവുകയും ചെയ്തു.

ആരാധകർ തന്നെ തൊട്ടിട്ടില്ലെന്നാണ് ഹൻസിക പറയുന്നത്. അത്ര വലിയ പ്രശ്നങ്ങളൊന്നുമുണ്ടായില്ല. ലോക്കൽ പൊലീസും സെക്യൂരിറ്റിക്കാരും സമയോചിതമായി ഇടപെട്ടതാണ് രക്ഷയായത്. ഹൻസിക വിശദീകരിക്കുന്നു.

തമിഴകത്തിന്റെ പുതിയ മാദകതാരമായി തിളങ്ങുന്ന ഹൻസിക ഇനി സൂര്യയുടെ വേട്ടൈ മന്നനിലാണ് അഭിനയിക്കുന്നത്.

പത്മപ്രിയയ്ക്ക് ഐറ്റം ഡാൻസ് ചെയ്യണം

ബോളിവുഡ് ഇരുകയ്യും നീട്ടി സ്വീകരിച്ച ഐറ്റം നമ്പർ ചെയ്യാൻ താൻ തയ്യാറാണെന്നാണ് പത്മപ്രിയ പ്രഖ്യാപിച്ചിരിക്കുകയാണ്

ബോളിവുഡിൽ പരീക്ഷിച്ചു വിജയിച്ച ഐറ്റം നമ്പർ എന്ന ആശയത്തോട് മലയാള സിനിമയിലുള്ളവർ എന്തോ അത്ര താത്പര്യം കാണിച്ചിരുന്നില്ല. മലയാളികൾ പൊതുവെ ഗ്ലാമർ പ്രദർശനത്തോട് മുഖം തിരിച്ചു നിൽക്കുന്നതാവാം ഇത്തരമൊരു നിലപാടെടുക്കാൻ മോളിവുഡിലുള്ളവരെ പ്രേരിപ്പിച്ചത്.

ശരീരപ്രദർശനം കൊണ്ട് മലയാളി പ്രേക്ഷകരുടെ മനം കവരാനാകില്ലെന്ന് ഇവിടത്തെ നടിമാർക്കും നന്നായറിയാം. അതുകൊണ്ട് തന്നെയാണ് അന്യഭാഷാ ചിത്രങ്ങളിൽ യാതൊരു പരിധിയുമില്ലാതെ ഗ്ലാമർ പ്രദർശനം നടത്തുന്ന പല നടിമാരും മോളിവുഡിലെത്തുമ്പോൾ നല്ല കുട്ടികളാവുന്നത്.

എന്നാൽ ഇവരിൽ നിന്ന് വ്യത്യസ്തയാവുകയാണ് പത്മപ്രിയ. ബോളിവുഡ് ഇരുകയ്യും നീട്ടി സ്വീകരിച്ച ഐറ്റം നമ്പർ ചെയ്യാൻ താൻ തയ്യാറാണെന്നാണ് പത്മപ്രിയ പ്രഖ്യാപിച്ചിരിക്കുന്നത്.

ബോളിവുഡിൽ കത്രീന കൈഫ് ചെയ്ത ചിക്നി ചമേലി പോലുള്ള ഐറ്റം നമ്പറുകളോടാണ് തനിക്ക് താത്പര്യമെന്ന് പത്മപ്രിയ വെളിപ്പെടുത്തുന്നു. എന്നാൽ പത്മപ്രിയയുടെ ഈ പ്രസ്താവന മറ്റു ചില ലക്ഷ്യങ്ങൾ മുൻനിർത്തിയാണെന്ന് പാപ്പരാസികൾ അടക്കം പറയുന്നു.

പത്മപ്രിയ

ഇനത്തെ സിനിമ

ഏഷ്യാനെറ്റ്
ഉച്ചയ്ക്ക് 01.30 ന്
ബൽറാം Vs താരദാസ്

പ്ലസ്
രാവിലെ 09.00 ന്
പന്തയക്കോഴി
രാത്രി 07.00 ന്
രാഷ്ട്രം

സൂര്യ
രാവിലെ 09.30 ന്
ചക്കരമുത്ത്
ഉച്ചയ്ക്ക് 01.20 ന്
രഹസ്യ പൊലീസ്
രാത്രി 11.30 ന്
ജനങ്ങളുടെ ശ്രദ്ധയ്ക്ക്

കിരൺ
രാത്രി 07.30 ന്
പട്ടാളം

കൈരളിവി
രാത്രി 09.30 ന്
വാസന്തസേന

കൈരളി
രാവിലെ 10.30 ന്
അലാവുദ്ദീനും അത്ഭുതവിളക്കും

HBO

06.35 am	The untouchables
11.00 am	Get him to the Greek
01.00 pm	Inception
04.05 pm	Bangkok Dangerous

MGM

07.15 am	Baby Boom
09.15 am	The January Man
11.00 am	O.C. and Stiggs
12.45 pm	The great

MOVIES STAR MOVES

09.35 am	The incredibles
12.00 pm	Terminator 3 rise of the machines
02.15 pm	Night at the Museum
04.35 pm	Hollow man
06.50 pm	Home alone
09.00 pm	Ghost rider
11.15 pm	Dead poets society